# LP/ UP SITC

# പരിശീലന മോഡ്യൂൾ - 4 Days

# ആമുഖം

വിവരവിനിമയ സാങ്കേതികവിദ്യ(ഐ.സി.ടി)യുടെ സേവനം ഉപയോഗപ്പെടുത്താത്ത മേഖലകൾ നമ്മുടെ നിത്യജീവിതത്തിൽ കണ്ടെത്താൻ പ്രയാസമായിരിക്കും. അത് കൊണ്ട് തന്നെ ജീവിതം വിജയകരമായി നയിക്കാൻ ഐ.സി.ടി. അറിയാതെ സാധിക്കില്ല എന്ന ഒരവസ്ഥ വന്നു ചേർന്നിരിക്കുന്നു. കേരള പാഠ്യപദ്ധതി സമീപനരേഖയിലും (KCF-2005) പ്രൈമറിയിൽ ഒരു കളിരീതിയിൽ കമ്പ്യൂട്ടർ പരിചയപ്പെടുത്താവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല, വിദ്യാർഥികളുടെ ബഹുമുഖങ്ങളായ ബുദ്ധിവികാസത്തിനനുയോജ്യമായ പഠനാനുഭവങ്ങളൊരുക്കാൻ ഐ.സി.ടി. ശാക്തീകൃത പഠനത്തിനാവുമെന്ന് തെളിയിക്കപ്പെട്ടിട്ടുമുണ്ട്.

സദാ പ്രവർത്തനനിരതമാകാനും സ്വയം കണ്ടെത്തലുകളിൽ ഏറെ സന്തോഷിക്കാനും ഭാവനാത്മകമായി കാര്യങ്ങളെ സമീപിക്കാനുമെല്ലാമുള്ള നൈസർഗികവും സവിശേഷവുമായ സ്വഭാവത്തോടെയാണ് വിദ്യാർഥികൾ ലോവർ പ്രൈമറി ക്ലാസുകളിൽ എത്തുന്നത്. വിദ്യാർഥിയുടെ പ്രകൃതത്തിനനുസൃതമായി പഠനപ്രവർത്തനങ്ങളൊരുക്കാനും, കളികളിൽ ഏർപ്പെടുന്ന തരത്തിൽ സന്തോഷത്തോടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പഠനം ആസ്വാദ്യകരമായൊരനുഭവമാക്കാനും സഹായിക്കുന്ന രൂപത്തിലാണ് പ്രൈമറിതലത്തിലേക്കുള്ള ഐ.സി.ടി. പ്രവർത്തനങ്ങൾ. ഇത്തരം പ്രവർത്തനങ്ങളിലേർപ്പെടുന്നത് വഴി സ്വാഭാവികമായി തന്നെ കമ്പ്യൂട്ടറുമായി ഇടപെഴകാനും വിവിധ ശേഷികൾ പൊതുവായി നേടാനും നേടിയവ പ്രബലനം ചെയ്യാനും വിദ്യാർഥികൾക്ക് സാധിക്കുന്നു.

കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കാനുള്ള ആഴത്തിലുള്ള അറിവ് വിദ്യാർഥികൾക്കോ അധ്യാപകർക്കോ ആവശ്യം വരാത്ത രീതിയിലുള്ള പ്രവർത്തനങ്ങളാണ് പ്രൈമറി പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അത് കൊണ്ട് തന്നെ പ്രൈമറിയിൽ

ഐ.സി.ടി. പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുന്നതിന് വലിയ പ്രയാസം നേരിടേണ്ടി വരികയുമില്ല. പ്രൈമറി ക്ലാസ്സുകളിലേക്ക് തയ്യാറാക്കിയിരിക്കുന്ന പാഠപുസ്തകം വിനിമയം ചെയ്യുന്നതിനും മറ്റ് വിഷയങ്ങളുടെ പഠന പ്രവർത്തനങ്ങളിൽ ഐ സി ടി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുമുള്ള പ്രായോഗിക പരിശീനലവുമാണ് നാല് ദിവസങ്ങളായുള്ള പരിശീല പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

# ഒന്നാം ദിവസം

9 .30am : Registration

**Course Briefing(10 .00 am മുതൽ 10.15 am വരെ)**

(പരിശീലനത്തിനെക്കുറിച്ച് RP വിവരിക്കുന്നു, SITC മാർ സ്കൂൾ ICT പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടവരാണ് എന്നത് ബോധ്യപ്പെടുത്തണം.)

**പ്രവർത്തനം (10. 15 am മുതൽ 11.00 am വരെ)**

ICT അധിഷ്ഠിത പഠനത്തിന്റെ LP / UP ക്ലാസ്സുകളിലെ സാധ്യത – ചർച്ച

ICT സാധ്യതകൾ ക്ലാസ്സുകളിൽ പ്രയോജനപ്പെടുത്താവുന്ന മൂന്ന് , നാല് സാധ്യതകൾ പരിചയപ്പെടുത്തുന്നു.

1. Download ചെയ്ത ചിത്രങ്ങൾ
2. വീഡിയോ
3. Educational Gcompris ലെ ഒരു ഗെയിം

ഇത്തരം ടൂളുകൾ പഠനപ്രവർത്തനത്തിൽ എങ്ങനെ പ്രയോജനപ്പെടുത്താം . ചർച്ച ചെയ്ത് ക്രോഡീകരിക്കുന്നു.

- കുട്ടിക്ക് കൂടുതൽ അനുഭവങ്ങൾ പ്രദാനം ചെയ്യണം
- സ്വന്തം ചുറ്റുപാടിൽ നിന്ന് ലഭ്യമാകാത്ത അനുഭവങ്ങൾ നൽകാൻ
- നേരിട്ടുള്ള ഒരനുഭവവും ICT സാധ്യതകൾ ഉപയോഗിക്കുക വഴി തടസ്സപ്പെടുത്തരുത്
- 
- 
- 

**പ്രവർത്തനം (11. 00 am മുതൽ 11.45 am വരെ)**

**<u>കമ്പ്യൂട്ടർ എന്നാൽ എന്ത്, കമ്പ്യൂട്ടറിന്റെ ഭാഗങ്ങൾ ഏവ?</u>**

കമ്പ്യൂട്ടറിന്റെ ഉപയോഗങ്ങൾ പൊതുവായ ചർച്ച നടത്തുന്നു. കമ്പ്യൂട്ടറിന്റെ ഭാഗങ്ങൾ ലിസ്റ്റ് ചെയ്യുന്നു, ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു. ഓരോന്നിന്റെയും ഉപയോഗങ്ങൾ വിവരിക്കുന്നു. Computer ഉപയോഗത്തിന്റെ ആവശ്യകത ചർച്ച ചെയ്യപ്പെടണം.

<u>കമ്പ്യൂട്ടറിന്റെ പ്രവർത്തനം</u>

Hardware, Software എന്നിവ ചർച്ചയിലൂടെ വിശദീകരിക്കുന്നു. ഓപ്പറേറ്റിംഗ് സിസ്റ്റം , ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ എന്നിവ ഉദാഹരണ സഹിതം പരിചയപ്പെടുത്തുന്നു.

എന്തുകൊണ്ട് ലിനക്സ് ?

Proprietary, Free Software വ്യത്യാസങ്ങൾ ചർച്ച ചെയ്യുന്നു. Free Software (Ubuntu Linux) തെരഞ്ഞെടുക്കുവാനുള്ള കാരണങ്ങൾ ബോധ്യപ്പെടുന്നു. (ലളിതമായ വിശദീകരണം)

**പ്രവർത്തനം (11. 45 am മുതൽ 12.00 pm വരെ)**

**ഡെസ്ക്ക് ടോപ്പ് മെനു പരിചയപ്പെടുക.**

Applications, Places, System തുടങ്ങിയ മെനുവിലുള്ള പ്രോഗ്രാമുകളും പരിചയപ്പെടുക.

RP ഒരു Application പ്രോഗ്രാമിന്റെ പേര് പറയുന്നു, ഇത് എങ്ങനെ കണ്ടെത്താം എ
ന്ന demo ചെയ്യുന്നു. തുടർന്ന് RP നിർദ്ദേശിക്കുന്ന പ്രോഗ്രാമുകൾ കണ്ടെത്തുന്നു.

***പ്രവർത്തനം (12.00 pm മുതൽ 12.30 pm വരെ)***

**ഗെയിമുകളിൽ പരിശീലനം**

Educational Suit Gcompris പരിചയപ്പെടുത്തുന്നു. ഇതിൽ ഉൾപെട്ടിട്ടുള്ള ഗെയിമുകൾ പ്രവർത്തിപ്പിക്കുന്നു. Gcompris ഗെയിമുകളിൽ പഠന സന്ദർഭങ്ങളിൽ പ്രയേജനപ്പെടുത്താൻ കഴിയുന്നവ കണ്ടെത്തി പട്ടികപ്പെടുത്തുന്നു. ( LP പാഠ പുസ്തകം പരിചയപ്പെടുത്തുന്ന ഘട്ടത്തിൽ

കൂടുതൽ ഗെയിമുകൾ പരിചയപ്പെടുകയും ചർച്ച ചെയ്യുകയും ആകാം.

**പ്രവർത്തനം (12.30 pm മുതൽ 01.15 pm വരെ)**

**ചിത്രം വരക്കാം**

Tux Paint, സോഫ്റ്റ് വെയർ ഉപയോഗിച്ച് ചിത്രം വരയ്ക്കാം. TuxPaint സോഫ്ട്‌വെയർ RP പരിചയപ്പെടുത്തുന്നു. കഥാരചനക്കുള്ള ഒരു ചിത്രം തയ്യാറാക്കി കാണിക്കുന്നു. തുടർന്ന് ക്ലാസ്സ് റൂം സാഹചര്യത്തിൽ പ്രയോജനപ്പെടുത്താവുന്ന ചിത്രങ്ങൾ തയ്യാറാക്കുന്നു.



1. സൗരയൂഥത്തിന്റെ മാതൃക വരയ്ക്കുക
2. വിവിധ രൂപങ്ങൾ വരയ്ക്കുക
3. രാത്രിയിലെ ആകാശക്കാഴ്ച.
4. ആൽബങ്ങൾ നിർമ്മിക്കൽ
5. മാപ്പ് നിർമ്മാണം തുടങ്ങിയ സാധ്യതകൾ പരിശോദിക്കുന്നു.

***പ്രവർത്തനം (02.00 pm മുതൽ 03.00 pm വരെ)***

File, Folder എന്നിവയെക്കുറിച്ചുള്ള ചർച്ച – ഫോൾഡർ ട്രീ നിർമ്മാണം. ടെക്സ്റ്റ് എഡിറ്ററിൽ ടൈപ്പ് ചെയ്തു സേവ് ചെയ്യൽ. തുടർന്ന് എല്ലാ ഡോക്കുമെന്റുകളും save ചെയ്യേണ്ടതിന്റെ ആവശ്യകത ചർച്ചയിലൂടെ രൂപപ്പെടുത്തുന്നു.

ഉദാഹരണം



**Activity .**

Desktop ൽ Group 1 എന്ന ഫോൾഡർ നിർമ്മിക്കുക. ഇതിനുള്ളിൽ Images, Sounds, Documents, Presentation എന്നീ sub folder കൾ നിർമ്മിക്കുക

തുടർ പ്രവർത്തനം

Folders and files naming, renaming, deletion, file extension etc., open saved files. Familiarizing Save, save as options. Gedit ന്റെ മെച്ചങ്ങൾ, ന്യൂനതകൾ

**പ്രവർത്തനം (03.00 pm മുതൽ 04.30 pm വരെ)**

**ഡോക്യൂമെന്റുകൾ തയ്യാറാക്കാം**

Open Office Writer എന്ന ടെക്സ്റ്റ് എഡിറ്റിംഗ് സോഫ്റ്റ് വെയർ പരിചയപ്പെടൽ.

പരിശീലകൻ നൽകിയ മാതൃക അനുസരിച്ച് ഇംഗ്ലീഷിൽ ടൈപ്പ് ചെയ്യുന്നു.

പ്രവർത്തനം 1

ഒരു കത്ത് തയ്യാറാക്കുന്നു. മുൻകൂട്ടി തയ്യാറാക്കിയ മാതൃക കാണിച്ച് ടൈപ്പ് ചെയ്ത് save ചെയ്യുന്നു. ( അനുബന്ധം) അക്ഷര – ഖണ്ഡികാ ക്രമീകരണങ്ങൾ, പട്ടിക ഉൾപ്പെടുത്തൽ

പ്രവർത്തനം 2

അഡ്രസ് സ്ലിപ്പ്, നെയിം സ്ലിപ്പ് നിർമ്മാണം. - copy, cut paste സങ്കേതങ്ങൾ, Text box / Frame ഇൻസർട്ട് ചെയ്യൽ

# രണ്ടാം ദിവസം

***പ്രവർത്തനം (09.30 am മുതൽ 10.30 am വരെ)***

**പ്രവർത്തനം 3**

ചിത്രകാർഡുകൾ തയ്യാറാക്കുന്നു

ചിത്രങ്ങൾ ഇൻസേർട്ട് ചെയ്യൽ, പേജ് ബോർഡർ, പശ്ചാത്തല നിറം എന്നീ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തണം . മുൻ കൂട്ടി ചിത്രങ്ങൾ നൽകണം




***പ്രവർത്തനം (10.30 am മുതൽ 12.30 am വരെ)***

**മലയാളം ടൈപ്പിംഗ് Open Office Writer ൽ**

മലയാളം കമ്പ്യൂട്ടിംഗ് സാധ്യതകളും, ആവശ്യകതയും ചർച്ച ചെയ്യുന്നു. തുടർന്ന് മലയാളം കീബോർഡ് സെറ്റു ചെയ്യുന്നത് പരിചയപ്പെടുന്നു. താഴെ കാണുന്ന പട്ടിക പൂർത്തിയാക്കുന്നതിലൂടെ മലയാളം കീബോർഡ് ലെ ഔട്ട് പരിചയപ്പെടുന്നു.

പരിശീലകൻ നൽകുന്ന വാക്കുകൾ ടൈപ്പു ചെയ്യുന്നു.

- സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും മാത്രം

**കേരളം, വനം, മധുരം മലയാളം , റേഡിയോ, ടെലിവിഷൻ**

- കൂട്ടക്ഷരങ്ങളും ചില്ലുകളും

തണ്ണിമത്തൻ

വണ്ടിച്ചക്രം

ഇന്ത്യ എന്റെ രാജ്യം

ഓപ്പൺ ഓഫീസ് റൈറ്ററിന്റെ എന്തെല്ലാ സാദ്ധ്യതകൾ ക്ലാസ്സുകളിലെ സാഹചര്യങ്ങളിൽ പ്രയോജനപ്പെടുത്താൻ കഴിയും എന്ന് ചർച്ച ചെയ്യുന്നു.

- ചാർട്ടുകളുടെ നിർമ്മാണം.
- സ്കൂൾ പ്രവർത്തന കലണ്ടർ നിർമ്മാണം (തീയതി , ദിവസത്തിന്റെ പ്രത്യേകത, പരിപാടികൾ / ആഘോഷങ്ങൾ എന്നിവ ഉൾപ്പെടുത്തി പട്ടികാ രൂപത്തിൽ)
- കഥാ ചിത്രങ്ങൾ
- അക്ഷരകാർഡുകൾ
- പ്ലക്കാർഡ്

**ശുചിത്വ കേരളം**
**സുന്ദര കേരളം**

***പ്രവർത്തനം (12.30 am മുതൽ 01.15 am വരെ)***

**ലിനക്സ് ഡെസ്ക് ടോപ്പ് പരിചയപ്പെടുക.**

RP യുടെ വിശദീകരണത്തിനു ശേഷം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ക്രമമായി ചെയതു നോക്കുക.

- ഡെസ്ക്ടോപ്പിൽ പുതിയ പാനൽ നിർമ്മിക്കുക.

- നിർമ്മിച്ച പാനൽ ഒഴിവാക്കുക.
- പാനലിൽ അപ്ലെറ്റുകൾ കൂട്ടി ചേർക്കുക.
- പാനലിൽ menu ഒഴിവാക്കുകയും കൂട്ടി ചേർക്കുകയും ചെയ്യുക.
- ഡെസ്ക്ക്ടോപ്പ് പശ്ചാത്തലം മാറ്റുക.
- പ്രത്യേകം ഡെസ്ക്ക്ടോപ്പുകൾ സജ്ജീകരിക്കുക.

**പ്രവർത്തനം (2 pm മുതൽ 4.30 pm വരെ)**

## *Open Office Calc*

പ്രവർത്തനം 1

കാൽക്ക് സോഫ്റ്റ് വെയർ സോഫ്റ്റ് വെയർ പരിചയപ്പെടൽ. ക്ലാസിലെ കുട്ടികളുടെ മാർക്ക് ലിസ്റ്റ് ടൈപ്പ് ചെയ്യുന്ന പ്രവർത്തനത്തോടെ ആരംഭിക്കുക.

- തുക , ശതമാനം , ശരാശരി എന്നിവ കണക്കാക്കൽ
- ഫിൽ സീരിസ്
- വരികളും , നിരകളും കൂട്ടിചേർക്കൽ
- സെൽ മെൽജിംഗ്
- പേജ് പ്രവ്യൂ - സെൽ ബോർഡർ എന്നീ കാര്യങ്ങൾ ഉൾപ്പെടുത്തണം

പ്രവർത്തനം 2

സംഖ്യാ ചാർട്ടുകളുടെ നിർമ്മാണം - ഫിൽസീരീസ്

കലണ്ടർ നിർമ്മാണം - നവംബർ മാസത്തെ കലണ്ടറിന്റെ മാതൃക കാണിച്ച് Spred Sheet ൽ തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. (ഫിൽ സീരിസ്, സെൽ മെൽജിംഗ്, സെൽ ഫോർമാറ്റിംഗ്)

# മൂന്നാം ദിവസം

**പ്രവർത്തനം ( 9.30 pm മുതൽ 11.00 pm വരെ)**

## *Internet*

ഇന്റർനെറ്റ് സാദ്ധ്യതകൾ RP വിശദീകരിക്കുന്നു. തുടർന്ന് പ്രൈമറി ക്ലാസ്സുകളിൽ ഇതിന്റെ സാദ്ധ്യതകളെ കുറിച്ച് ചർച്ച ചെയ്യുന്നു.

Web Browser - Mozilla , Chromium, ....
വിവിധ സൈറ്റുകൾ സന്ദർശിക്കുന്നു. ഉത്തരവുകൾ ഡൗൺലോഡ് ചെയ്യുന്നു.

www.kerala.gov.in,
www.education.kerala.gov.in,
www.itschool.gov.in,

- www.education.kerala.gov.in സൈറ്റ് സന്ദർശിച്ച് കലോത്സവത്തിൽ വന്ന മാറ്റത്തെ സംബന്ധിച്ച സർക്കുലർ ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കുന്നു.
- www.itschool.gov.in, സൈറ്റ് സന്ദർശിച്ച് ICT പാഠപുസ്തകങ്ങൾ ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കുന്നു.
- സെർച്ച് എൻജിൻ പരിചയപ്പെടുന്നു
- പ്രൈമറി പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഒരു Presentation അവതരിപ്പിക്കുന്നു. ചിത്രങ്ങളുടേയും , ചലചിത്രങ്ങളുടേയും ഉപയോഗത്തിലെ മെച്ചങ്ങൾ ചർച്ച ചെയ്യുന്നു. സ്വന്തമായി തയ്യാറാക്കാൻ പോകുന്ന Presentation ലക്ഷ്യമാക്കി ചിത്രങ്ങൾ, ചെറിയ ചലചിത്രങ്ങൾ, ഡോക്യുമെന്റുകൾ ഇന്റർനെറ്റിൽ നിന്നും തെരഞ്ഞ് കണ്ടെത്തുന്നു, ഇവ പ്രത്യേകം ഫോൾഡറുകളിൽ സേവ് ചെയ്യുന്നു

**പ്രവർത്തനം (11.00 am മുതൽ 1.15 pm വരെ)**

## *Open Office Impress*

ക്ലാസ് റൂം പ്രവർത്തനങ്ങളിൽ ശബ്ദവും ചിത്രവും ഉപയോഗിക്കേണ്ടി വരുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ചയിലൂടെ ലിസ്റ്റ് ചെയ്യുന്നു. ഇവയെല്ലാം മുൻകൂട്ടി തയ്യാറാക്കി അവതരിപ്പിച്ചാലുള്ള മെച്ചങ്ങൾ ചർച്ച ചെയ്യുന്നു. ഇന്റർനെറ്റിൽ നിന്നും ശേഖരിച്ച ചിത്രങ്ങളും

ഡോക്യുമെന്റും പ്രയോജനപ്പെടുത്തി ഏതെങ്കിലും ഒരു പഠന സന്ദർഭത്തിനാവശ്യമായ ഒരു പ്രസന്റേഷൻ തയ്യാറാക്കൽ . തുടർന്ന് ഓരോ ഗ്രൂപ്പും ഇത് അവതരിപ്പിക്കുന്നു.

**പ്രവർത്തനം (02.00 am മുതൽ 03.00 pm വരെ)**

**Music, Video തുടങ്ങിയ CD/DVD തുടങ്ങിയവ പ്രവർത്തിപ്പിക്കൽ**

ആവശ്യമായ CD/DVD തുടങ്ങിയവ പഠിതാക്കൾ കൊണ്ടുവരുന്നതിനുള്ള നിർദ്ദേശം മുൻകൂട്ടി നൽകേണ്ടതാണ്. ഓരോരുത്തരും അവർ കൊണ്ടു വന്നിട്ടുള്ള CD/DVD പ്രവർത്തിപ്പിച്ച് പരിശീലിക്കേണ്ടതാണ്. VCD, DVD തുടങ്ങിയവ play ചെയ്യുന്നതിന് CD/DVD drive ൽ ഇട്ടതിനുശേഷം panel ൽ നൽകിയിട്ടുള്ള applet ഉപയോഗി ക്കാവുന്നതാണ്.

- വ്യത്യസ്ത ഫോർമാറ്റിലുള്ള CD / DVD എന്നിവ പ്രവർത്തിപ്പിക്കുന്നു
- പ്രസന്റേഷനുകൾ, മൂവികൾ , ശബ്ദഫയലുകൾ , ടെക്സ്റ്റ് ഫയലുകൾ
- ഫോണ്ട് പ്രശ്നം പരിഹരിക്കൽ
- ശബ്ദ ക്രമീകരണങ്ങൾ

***പ്രവർത്തനം (03.00 pm മുതൽ 04.00 pm വരെ)***

Internet - തുടർച്ച

Creating email account , Sending letters , login and logout

***പ്രവർത്തനം (04. 00 am മുതൽ 04.30 വരെ )***

**CD/DVD writting**

ആവശ്യമായ CD/DVD പഠിതാക്കൾ കൊണ്ടുവരുവാൻ നേരത്തെ നിർദ്ദേശം നൽകണം. Ubuntu OS DVD, ഇതുവരെ ഓരോരുത്തരും ചെയ്ത പ്രവർത്തനങ്ങൾ, ഇന്റർനെറ്റിൽ നിന്നും ശേഖരിച്ചവ എന്നിവ DVD യിലേക്ക് write ചെയ്യുവാൻ ആവശ്യപ്പെടുക. ( RP-demonstration)

# നാലാം ദിവസം

***പ്രവർത്തനം (09.30 am മുതൽ 10.15 വരെ)***

**പാഠപുസ്തകം പരിചയപ്പെടൽ**

പാഠപുസ്തകം ഡിജിറ്റൽ എല്ലാവർക്കും നൽകണം. പാഠപുസ്തകത്തിൽ നൽകിയിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും പരിചയപ്പെടുന്നു.

പുസ്തകം ഡൗൺലോഡ് ചെയ്യുന്നതിനുള്ള ലിങ്ക്.

https://www.itschool.gov.in/initiatives.php

***പ്രവർത്തനം (10.15 am മുതൽ 11.00 വരെ)***

അദ്ധ്യാപകരെ വിവധ ഗ്രൂപ്പുകളായി തിരിക്കുന്നു. അവരവരുടെ വിഷയത്തിൽ ക്ലാസ്സിൽ പ്രയോജനപ്പെടുത്താവുന്ന ഗെയിമുകൾ റിസോഴ്സുകൾ എന്നിവ കണ്ടെത്തി ലിസ്റ്റ് ചെയ്യുന്നു . ഏത് പഠന സന്ദർഭത്തിൽ എങ്ങിനെ പ്രയോജനപ്പെടുത്താം ഒരു ഉദാഹരണം ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു.

**പ്രവർത്തനം (11.00 am മതൽ 12.00 വരെ)**

ആശയപ്രകാശനത്തിന് ബ്ലോഗ്

സ്വന്തം സർഗ്ഗസൃഷ്ടി ഒരു അച്ചടി മാധ്യമത്തിൽ പ്രസിദ്ധീകരിക്കപ്പെടണമെങ്കിൽ ഒട്ടേറെ കടമ്പകൾ കടക്കേണ്ടതായി വരും. എഡിറ്ററുടെ പരിശോധനയും അംഗീകാരവുമടക്കമുള്ള വിവിധ ഘട്ടങ്ങളിലൂടെ കടന്നാണ് ഒടുവിൽ അത് അച്ചടിക്കപ്പെടുന്നത്. എന്നാൽ ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുവരവോടെ തങ്ങളുടെ സൃഷ്ടികൾ (സൈബർ നിയമങ്ങൾക്ക് വിധേയമായി) എപ്പോൾ വേണമെങ്കിലും ഇന്റർനെറ്റിലൂടെ പ്രസിദ്ധീകരിക്കാനാകും. അതിനുള്ള ഉപാധിയാണ് ബ്ലോഗ്.

വിവിധ ബ്ലോഗുകൾ സന്ദർശിക്കുന്നു.

www.kavyamsugeyam.blogspot.in, www.indradhanuss.blogspot.in, etc.

ബ്ലോഗുണ്ടാക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ RP വിശദീകരിക്കുന്നു.

ബ്ലോഗർ, ബ്ലോഗ് നാമം (Blog Title), ബ്ലോഗ് വിലാസം (Blog Address / URL), തൂലികാനാമം (Display Name), etc.

പഠിതാക്കൾ സ്വന്തമായി ബ്ലോഗ് നിർമ്മിക്കുന്നു. ബ്ലോഗിൽ പോസ്റ്റുകൾ ഉൾപ്പെടുത്തുന്നു.

ബ്ലോഗ് പോസ്റ്റുകൾ, ടെംപ്ലേറ്റ് എന്നിവയിൽ മാറ്റം വരുത്തുന്നു.

**പ്രവർത്തനം ( 12.00 മുതൽ 1.00 pm വരെ)**

സ്കൂൾ റിസോഴ്സ് പരിചയപ്പെടൽ

- ICT Resource for UP

(5,7 ക്ലാസുകളിലെ വിവിധ പ്രവർത്തനങ്ങൾ)

- Biology Resources
  Respiration, lungs, digestive system, heart valves തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ - പരിചയപ്പെടൽ

***പ്രവർത്തനം ( 2.00 pm മുതൽ 3.00 pm വരെ)***

- Connecting a Computer
- Connect projector, printer, speaker – RP demonstration
- Sound and Monitor resolution setting – RP demonstration

***പ്രവർത്തനം (3.00 pm മുതൽ 4.15 pm വരെ)***

Ubuntu OS installation – RP demonstration (ഇതിനോടൊപ്പം നൽകിയിരിക്കുന്ന ഫയൽ പ്രദർശിപ്പിക്കാവുന്നതാണ്.)

***പ്രവർത്തനം (4.15 pm മുതൽ 4.30 pm വരെ)***

പരിശീലനം വിലയിരുത്തൽ

############################################################

## അനുബന്ധം

Office of the Block Programme Officer
BRC, Ambalapuzha
Dated 18-03-2010

**Letter No : 123/2009-10**

**To**

*The District Co-ordinator,*
*IT @School Project,*
*Alappuzha.*

**Sir,**

Sub:- Relieving of teachers-IT Training-reg

Ref:- Letter No. 234/Tr/2009-10 Dated 15-03-2010

The following teachers of Block Resource Centre Ambalapuzha are relieved from their duties from 18-03-2010 and directed to report District Resource centre IT @ School Project, Alappuzha to attend IT Training as per the letter no. 234/Tr/2009-10 Dated 15-03-2010

| Sl No | Name of the Tr | Designation | Basic Pay |
|---|---|---|---|
| 1 | Aravindakshan Pillai | H S A | 10,000 |
| 2 | Sulochana | P D Tr | 12,500 |
| 3 | Biju Abraham | P D Tr | 8390 |
| 4 | Minimol | H S A | 11,100 |

Signature
Block Programme Officer,
Ambalapuzha